(ബി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് NDPREM പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുക, ഇവരുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിരസംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(സി&ഡി) NDPREM പദ്ധതിയുമായി സഹകരിക്കുന്നതിന് കാനറാബാങ്കും യൂണിയൻ ബാങ്കും നോർക്ക - റൂട്ട്സുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ആയതു പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്കു വിധേയമായി പരമാവധി പലിശ ഇളവു നൽകി വായ്പ നൽകിവരികയും ചെയ്യുന്നുണ്ട്.

നോർക്ക-റൂട്ട്സിലേയും ബാങ്കുകളുടെ പ്രതിനിധികൾ/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ലോണിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുയും ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ 'ഫീസിബിലിറ്റി' പരിശോധിച്ച് ബാങ്ക് ലോൺ വിതരണം ചെയ്യുന്നു.

തൊഴിൽരഹിതരാകുന്ന വിദേശമലയാളികളുടെ പ്രശ്നങ്ങൾ

90 (4125) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വദേശിവൽക്കരണംമൂലം തൊഴിൽരഹിതരാകുന്ന വിദേശമലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ തൊഴിൽരഹിതരായി നാട്ടിലെത്തുന്ന പ്രവാസികൾക്ക് സ്വദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗൾഫ് നാടുകളിലെ സ്വദേശീവൽക്കരണംമൂലം തൊഴിൽരഹിതരായി തിരികെ എത്തുന്ന പ്രവാസിമലയാളികൾക്ക് ഒരു സുസ്ഥിരവരുമാനമാർഗ്ഗം കണ്ടത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസപദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. താഴെ പറയുന്ന 5 പ്രധാന ഘടകങ്ങളാണ് സമഗ്ര പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. തിരികെയെത്തിയ പ്രവാസികളെ അവരുടെ താല്പര്യമനുസരിച്ച് വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയയ്ക്കുക.
2. ആഭ്യന്തര തൊഴിൽമേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.
3. സ്വയംസംരംഭക സഹായ പദ്ധതി.
4. പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.
5. സ്വയംതൊഴിൽ/നിക്ഷേപ സംരംഭങ്ങൾ

സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ, വിദേശ മലയാളി പ്രമുഖർ, പ്രവാസി മലയാളി സംഘടനകൾ എന്നിവയുടെ സഹകരണവും കേന്ദ്രസഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പ് പോലെയുള്ള വിവിധ വകുപ്പുകളുടെ സഹകരണവും പദ്ധതി നടത്തിപ്പിന് അനിവാര്യമാണ്. ആയതിലേയ്ക്കായി വിവിധ തലത്തിലുള്ള ചർച്ചകൾക്കുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസികൾക്ക് നോർക്കവകുപ്പ് നടപ്പാക്കിവരുന്ന പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)മുഖേന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്ക് ലോൺ ലഭ്യമാക്കി വരുന്നു.

(ബി) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധനസബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും നൽകുവാൻ ഉത്തരവായിട്ടുണ്ട്.

രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക-റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പുവച്ചിട്ടുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിവരുന്നത്.

തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ ക്ഷേമം

91 (4126) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ മലയാളികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഇവർക്ക് സ്ഥിര വരുമാനം ലഭ്യമാക്കുന്നതിനും, തൊഴിൽ നൽകുന്നതിനുമായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ മലയാളികളുടെ കൃത്യമായ വിവരം ലഭ്യമല്ല. എന്നാൽ സൗദി അറേബ്യയിലെ നിതാഖത്ത് നിയമംമൂലം കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	രജിസ്റ്റർ ചെയ്തവരുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	2330
കൊല്ലം	2182
പത്തനംതിട്ട	351
ആലപ്പുഴ	685

LIBRARY ARCHIVES Kerala Legislative Assembly